വൈദ്യുതി നിരക്ക് വർദ്ധന

68 (1220) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുകയുണ്ടായി ; എന്നെല്ലാം ;

(ബി) വിവിധ വിഭാഗങ്ങളിലായി എത്ര ശതമാനം വർദ്ധനയാണ് നടത്തിയത്. ഇതുമൂലം വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുള്ള അധിക വരുമാനം എത്ര ;

(സി) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം വികസനപ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു ;

(ഡി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിനും എത്ര ശതമാനം വീതമാണ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ ?

ഉത്തരം

(എ) രണ്ട് തവണ. 1-2-1997-ലും 15-5-1999-ലും

(ബി)

	വിഭാഗം	ശരാശരി വർദ്ധന (ശതമാനത്തിൽ)	
		1-2-1997	15-5-1999
1.	ഗാർഹികം	19.59	24.74
2.	എൽ.ടി. വ്യവസായം	34.78	35.69
3.	എൽ.ടി. കാർഷികം	150.00	വർദ്ധനവ് ഇല്ല
4.	എൽ.ടി. IV ഗാർഹികേതരം എൽ.ടി. (എ) മതസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ	35.52	36.69
	എൽ.ടി. IV (ബി) കേന്ദ്രസംസ്ഥാന സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, കംപ്യൂട്ടർ സ്ഥാപനങ്ങൾ മുതലായവ	34.85	41.15

LIBRARY ARCHIVES Kerala Legislative Assembly

	എൽ.ടി. IV സി-കെ		
	ഡബ്ലിയൂ.എ., കെ.എസ്.ആർ.ടി.സി.		
	എ.ഐ.ആർ, ദൂരദർശൻ,		
	പി ആന്റ് റ്റി. ബാങ്ക്		
	മുതലായവ	33.58	39.98
	എൽ.ടി. IV (ഡി)		
	അനാഥാലയം, പോളിയോ ഹോം		
	ഷെയർ ഹോം		
	മുതലായവ	വർദ്ധനവ് ഇല്ല	വർദ്ധനവ് ഇല്ല
5.	എൽ.ടി. വാണിജ്യം	20.41	34.76
6.	എൽ.ടി. വ്യവസായം	40.16	35.29
7.	എച്ച്.ടി. വാണിജ്യം	43.64	42.46
8.	എച്ച്.ടി. പബ്ലിക് യൂട്ടിലിറ്റി	39.33	38.46
9.	എച്ച്.ടി. കാർഷികം	40	25.25
10.	ഇ.എച്ച്.ടി. 66 കെ.വി.	40.28	35.07
11.	ഇ.എച്ച്.ടി. 110 കെ.വി.	40.67	35.29
12.	ലൈസൻസി 11 കെ.വി.	40.99	40.55
13.	ലൈസൻസി 66 കെ.വി.	39.73	41.27
14.	ലൈസൻസി 110 കെ.വി.	41.81	40.66
15.	റെയിൽവേട്രാക്ഷൻ 110 കെ.വി.	-	86.33 (1-4-1999 മുതൽ)
	അധികവരുമാനം	240.54 (കോടി രൂപ)	521.03 (കോടി രൂപ)

(സി) ബോർഡിൽ സാമ്പത്തിക പ്രതിസന്ധിയില്ല. എന്നാൽ വൈദ്യുതി ഉല്പാദന പ്രസരണ വിതരണ ചെലവും വൈദ്യുതിയുടെ വില്പനവിലയും തമ്മിലുള്ള അന്തരം റവന്യു വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. ബോർഡിന്റെ പദ്ധതി പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ട്.

(ഡി) നിരക്ക് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly